# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 200

17.02.2016 ൽ മറുപടിയ്ക്ക്

## സഹകരണ മേഖലയും റിസർവ് ബാങ്ക് നയങ്ങളും

**ചോദ്യം**

ശ്രീ.ഇ.പി.ജയരാജൻ

ശ്രീ.സി.കൃഷ്ണൻ

ശ്രീ.എസ്.രാജേന്ദ്രൻ

ശ്രീ.കെ.രാധാകൃഷ്ണൻ

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും
വകുപ്പ് മന്ത്രി)

(എ) റിസർവ് ബാങ്ക് പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ സഹകരണ മേഖലയെ എന്തെല്ലാം നിലയിൽ പ്രതികൂലമായി ബാധിക്കുകയുണ്ടായിട്ടുണ്ടെന്ന് വിശദമായി വെളിപ്പെടുത്താമോ;

(എ) പാർലമെന്റ് പാസ്സാക്കിയ ബാങ്കിംഗ് നിയമ (ഭേദഗതി) നിയമം 2012 പ്രകാരം സഹകരണ ബാങ്കുകളുടെ മേൽ റിസർവ് ബാങ്കിനുള്ള നിയന്ത്രണ അധികാരം വാണിജ്യ ബാങ്കുകൾക്ക് സമാനമാക്കുകയുണ്ടായി. കൂടാതെ റിസർവ് ബാങ്ക് ലൈസൻസുള്ള സഹകരണ ബാങ്കുകൾ ഒഴികെ മറ്റ് സഹകരണ സ്ഥാപനങ്ങൾ വോട്ടവകാശമില്ലാത്ത അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കാനോ, ബാങ്ക് എന്ന പദം അവരുടെ പേരിനൊപ്പം ചേർക്കാനോ പാടില്ലെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. ആയത് സഹകരണ മേഖലയുടെ നിലവിലുള്ള പ്രവർത്തനത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ. നിക്ഷേപം വാണിജ്യ ബാങ്കുകൾക്ക് സമാനമായി നിശ്ചയിച്ചുകൊണ്ടും, സഹകരണ ബാങ്കുകൾ അവയുടെ എസ്.എൽ.ആർ. നിക്ഷേപം മുഴുവൻ ഗവണ്മെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കേണ്ടതാണെന്നും റിസർവ് ബാങ്ക് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം സഹകരണ ബാങ്കുകൾ അവയുടെ ധനസഹായ ബാങ്കുകളിൽ നിന്നും

എസ്.എൽ.ആർ. നിക്ഷേപം പിൻവലിക്കുന്ന സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. സംസ്ഥാന / ജില്ലാ സഹകരണ ബാങ്കുകൾ 31.03.2017 ന് 9% മൂലധന പര്യാപ്തത കൈവരിക്കണമെന്ന റിസർവ് ബാങ്ക് നിർദ്ദേശം പരിമിതമായ എണ്ണം സംഘങ്ങൾ/ബാങ്കുകൾ മാത്രം അംഗങ്ങളായിട്ടുള്ള സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾക്ക് മൂലധനം സമാഹരിക്കുന്നതിനും റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിർദ്ദേശം പാലിക്കുന്നതിനും ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ അർബൻ സഹകരണ ബാങ്കുകളിലും സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകളിലും നടത്തുന്ന സ്റ്റാറ്റ്യൂട്ടറി ഇൻസ്പെക്ഷന്റെ അടിസ്ഥാനത്തിൽ റിസർവ് ബാങ്ക്/നബാർഡ് നിർദ്ദേശങ്ങൾ പാലിക്കപ്പെടാത്ത സാഹചര്യങ്ങളിൽ അതാത് ബാങ്കുകളുടെ പ്രവർത്തനങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നത് ബാങ്കുകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുത്തൻ സാമ്പത്തിക നയങ്ങളുടെയും ബാങ്കിംഗ് നിയമ ഭേദഗതികളുടെയും തുടർച്ചയായി റിസർവ് ബാങ്കിന്റെ ഭാഗത്തുനിന്നുണ്ടായിക്കൊണ്ടിരിക്കുന്ന നടപടികളെ പ്രതിരോധിക്കാനും സഹകരണ സ്ഥാപനങ്ങൾക്ക് നൽകി വന്നിരുന്ന പ്രത്യേക പരിഗണന തുടർന്നും വ്യവസ്ഥ ചെയ്തുകിട്ടുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

(ബി) ബാങ്കിംഗ് നിയമ ഭേദഗതികളുടെ തുടർച്ചയായി സഹകരണ സ്ഥാപനങ്ങൾക്കുണ്ടായിട്ടുള്ള ദോഷകരമായ നടപടികളെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സഹകരണ സ്ഥാപനങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന പ്രത്യേക പരിഗണന തുടർന്നും സഹകരണ മേഖലയ്ക്ക് ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ